ഉത്തരം

(എ) ഉണ്ട്. പരിസ്ഥിതിക്ക് ഏറ്റവും ദോഷം ഉണ്ടാകാവുന്ന കനം കുറഞ്ഞ (30 മൈക്രോണിന് താഴെയുള്ളതും 20X30 സെന്റീമീറ്ററിൽ താഴെ വലിപ്പമുള്ളതും) പ്ലാസ്റ്റിക് കൃാരി ബാഗുകൾ ഇപ്പോൾത്തന്നെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഈ നിരോധനം 50 മൈക്രോൺ വരെയുള്ള ബാഗുകൾക്കു കൂടി ബാധകമാക്കാൻ തീരുമാനിച്ചെങ്കിലും, ഇതിനെതിരെയുള്ള ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നുണ്ട്. ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിരോധനം 50 മൈക്രോണായി ഉയർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഗുരുവായൂർ നഗരസഭ പ്ലാസ്റ്റിക് കൃാരിബാഗുകൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കഴിയുന്നതും ഒഴിവാക്കുക, പുനരുപയോഗം-പുനചംക്രമണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നീ നിർദ്ദേശങ്ങളാണ് സർക്കാരിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളും പുന:ചംക്രമണത്തിനായുള്ള യൂണിറ്റുകളും സ്ഥാപിക്കാനും പ്ലാസ്റ്റിക് പുന:ചംക്രമണം പ്രോത്സാഹിപ്പിക്കാനുമാണ് നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് പ്രേരണ നൽകുംവിധം ബോധവൽക്കരണം നടത്തിവരുന്നു.

കൂടാതെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനമായി കുടുംബശ്രീ യൂണിറ്റുകൾക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും SJSRYയും RME പദ്ധതിയിലും ഉൾപ്പെടുത്തി സബ്സിഡിയും ബാങ്ക് വായ്പയും കുടുംബശ്രീ ഡയറക്ടറേറ്റ് മുഖാന്തിരം ലഭ്യമാക്കി വരുന്നുണ്ട്.

മാലിന്യ സംസ്ക്കരണം

173 (4797) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ക്ലീൻ കേരള മിഷന്റെ കാലത്ത് മാലിന്യ സംസ്ക്കരണത്തിന് എത്ര രൂപ ചെലവാക്കി ; എത്ര പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ശുചിത്വമിഷൻ രൂപീകൃതമായതിനുശേഷം എത്ര രൂപ ചെലവാക്കി ; പുതുതായി എത്ര പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്ക്കരണശാല ഏതാണ് ; അതേക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും, അത്തരം പ്ലാന്റുകൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയെ ഏൽപ്പിച്ചു ; അവർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര, നൽകിയ തീയതി, അവർ എഗ്രിമെന്റ് വച്ച തീയതി എന്നിവ വ്യക്തമാക്കുമോ ; ഇവയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിലവിൽ എത്ര ഏജൻസികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നിയമിച്ച അക്രഡിറ്റ്ഡ് ഏജൻസികൾ എത്ര ; അവരെ നിയമിച്ച മാനദണ്ഡം എന്ത് ; അവർ പ്രവർത്തിപ്പിക്കുന്ന പ്ലാന്റുകൾ ഏതൊക്കെ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003-ൽ ക്ലീൻ കേരള മിഷന്റെ പ്രവർത്തനം തുടങ്ങിയതിനുശേഷം 2008 വരെയുള്ള കാലയളവിൽ 17.92 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഭാഗിക സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 51 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾ അംഗീകരിച്ചുകൊണ്ട് 14.90 കോടി രൂപ ഭാഗിക സാമ്പത്തിക സഹായം നൽകിയിരുന്നു. ശേഷിക്കുന്ന 3.02 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളതാണ്.

(ബി) 2008-ൽ ശുചിത്വ മിഷൻ രൂപീകൃതമായതിനുശേഷം നഗരവൽകൃത ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കുന്നതിനാണ് ഊന്നൽ നൽകിയത്. ഇതിനായി സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി 15.90 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ 225 നഗരവൽകൃത ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണ സംവിധാനം കേന്ദ്രീകൃതവും വികേന്ദ്രീകൃതവും ആയ രീതിയിൽ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകി വരുന്നു. ഇതിന്റെ ഭാഗമായി 225 ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനവും പ്രോജക്ട് തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും ശുചിത്വ മിഷൻ ലഭ്യമാക്കി. ഇതിന്റെ ഫലമായി 130 ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കി ശുചിത്വ മിഷനിൽ നൽകുകയും അവയിൽ 96 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക സഹായം ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സംയോജിത പദ്ധതികൾക്ക് പദ്ധതി തുകയുടെ 60 ശതമാനം അല്ലെങ്കിൽ 7.50 ലക്ഷം രൂപ സാമ്പത്തിക സഹായം ജില്ലാ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിലൂടെ ലഭ്യമാക്കി വരുന്നു. കൂടാതെ പ്രശ്ന ബാധിത പ്രദേശങ്ങളായ ചന്തകൾ, അറവുശാലകൾ, സ്ക്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പോലുള്ള സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നതിനായി പദ്ധതി തുകയുടെ 75 ശതമാനം അല്ലെങ്കിൽ 4 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. ഈ രീതിയിൽ നൽകിയ സാമ്പത്തിക സഹായം 208.76 ലക്ഷം രൂപയാണ്. ഇതു കൂടാതെ സംയോജിത ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽപ്പെടുത്തി 3.98 കോടി രൂപ സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണവും നിലവിലുള്ള മാലിന്യ കൂന ശാസ്ത്രീയമായി മറവുചെയ്യുന്ന പദ്ധതികളും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2008-ൽ ശുചിത്വ മിഷൻ രൂപീകൃതമായതിനുശേഷം 18 കമ്പോസ്റ്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 5 സംസ്ക്കരണ പ്ലാന്റുകളുടെ പണി നടന്നുവരുന്നു.

(സി) കേരളത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ ശാല ഏതാണെന്ന് വിശദമായ പഠനം നടത്തിയിട്ടില്ല. എങ്കിൽത്തന്നെയും ആറ്റിങ്ങൽ, ചാലക്കുടി എന്നീ മുനിസിപ്പാലിറ്റികളിലും അജാനൂർ, മംഗൽപ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകളിലും പ്ലാന്റുകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിലെ ഒരു സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വമിഷൻ അനുമതി നൽകിയിട്ടുള്ളതും ഇതിനായി ഭാഗിക സാമ്പത്തിക സഹായമായി 23.3 ലക്ഷം രൂപ നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്ലാന്റ് നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഏജൻസിയെ തിരഞ്ഞെടുക്കേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

പരവൂർ നഗരസഭാ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് വെള്ളയമ്പലത്തെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർക്ക് 6,16,000 രൂപ അഡ്വാൻസായി 10-12-2009-ൽ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഇ) ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനായി നിലവിൽ 25 സർക്കാർ അംഗീകൃത സർവ്വീസ് പ്രൊവൈഡർമാരായും 3 അക്രഡിറ്റഡ് ഏജൻസികളും നിലവിലുണ്ട്.

(എഫ്) ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ പാലക്കാട്, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തിരുവനന്തപുരം, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് തിരുവനന്തപുരം എന്നീ 3 അക്രഡിറ്റഡ് ഏജൻസികളാണ് ഉള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ടി ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ സെന്റർ ഫോർ എൻവയോൺമെന്റ് എന്ന സ്ഥാപനവും, പാലക്കാട് നഗരസഭ, കോങ്ങോട്, പശുപരിയാരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററുമാണ് പ്രവൃത്തി പരിപാലനം നടത്തിവരുന്നത്.

തിരുവനന്തപുരം നഗരസഭയിലെ ഖരമാലിന്യ നിർമ്മാർജ്ജനം

174 (4798) ശ്രീ. കെ കുട്ടി. അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ഖരമാലിന്യ നിർമ്മാർജ്ജനം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly